അധ്യാപക ഒഴിവ്

കൊട്ടോടി: ജിഎച്ച്എസ്എസിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഇംഗ്ലീഷ് സീനിയർ (രണ്ട്), കൊമേഴ്സ് സീനിയർ (ഒന്ന്), ഇക്കണോമിക്സ് സീനിയർ (ഒന്ന്), കംപ്യൂട്ടർ ആപ്ലിക്കേഷൻ സീനിയർ (ഒന്ന്), മാത്തമാറ്റിക്സ് സീനിയർ (ഒന്ന്), ഹിന്ദി ജൂണിയർ (ഒന്ന്) എന്നീ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ ജൂൺ ഒന്നിന് രാവിലെ ഓഫീസിൽ ഹാജരാകണം. ഫോൺ: 9497289118, 9447415637.

ബാര: ജിഎച്ച്എസ്എസിൽ എച്ച്എസ്ടി മലയാളം-1, എച്ച്എസ്ടി ഹിന്ദി-1, എച്ച്എസ്ടി സോഷ്യൽ സയൻസ്-1, എച്ച്എസ്ടി നാച്വറൽ സയൻസ്-1, എച്ച്എസ്ടി ഫിസിക്കൽ സയൻസ്-1, എച്ച്എസ്ടി മാത്സ്-1, യുപിഎസ്ടി മലയാളം-3, എൽപിഎസ്ടി മലയാളം-1, എൽപി ഫുൾ ടൈം അറബിക്-1, യുപി ഫുൾ ടൈം അറബിക്-1, യുപി ഫുൾ ടൈം സംസ്കൃതം-1 തസ്തികകളിലേക്ക് താൽകാലിക നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യാഗാർഥികൾ നാളെ എച്ച്എസ് വിഭാഗം രാവിലെ 10നും യുപി, എൽപി വിഭാഗം ഉച്ചയ്ക്ക് രണ്ടിനും ഹാജരാകണം. ഫോൺ: 9497611279.

ഉദുമ: ജിഎൽപിഎസിൽ നിലവിലുള്ള എൽപിഎസ്എ താത്കാലിക ഒഴിവിലേക്ക് നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ നാളെ രാവിലെ 10നു സ്കൂൾ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം.

രാവണീശ്വരം: ജിഎച്ച്എസ്എസിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ മലയാളം(സീനിയർ), കെമിസ്ട്രി(സീനിയർ), ഹിസ്റ്ററി(ജൂണിയർ), ഇക്കണോമിക്സ്(ജൂണിയർ) അധ്യാപകരുടെ ഒഴിവുണ്ട്. യോഗ്യരായ ഉദ്യോഗാർഥികൾ ഇന്നു രാവിലെ 10ന് സ്കൂൾ ഓഫീസിൽ അഭിമുഖത്തിനെത്തണം. ഫോൺ: 9497601369.

ഇരിയണ്ണി: ജിഎച്ച്എസ്എസിൽ എച്ച്എസ്ടി ഫിസിക്കൽ സയൻസ് (1 ഒഴിവ്), എച്ച്എസ്ടി സോഷ്യൽ സയൻസ് (1ഒഴിവ്), യുപിഎസ്ടി മലയാളം (1 ഒഴിവ്), ജൂണിയർ ലാംഗ്വേജ് ടീച്ചർ ഹിന്ദി (1 ഒഴിവ്) എന്നീ ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ ജൂൺ ഒന്നിന് രാവിലെ 10.30ന് അഭിമുഖത്തിന് ഹാജരാകണം. ഫോൺ: 9495093814.

എടത്തോട്: എസ്‌വിഎംജി യുപിഎസിൽ എൽപി വിഭാഗം അറബിക്, ഓഫീസ് അസിസ്റ്റന്റ് താത്കാലിക ഒഴിവുണ്ട്. അഭിമുഖം നാളെ രാവിലെ 10ന്.

രാജപുരം: സെന്റ് പയസ് ടെൻത് കോളജിൽ 2024-25 അധ്യയനവർഷത്തേക്ക് മാത്തമാറ്റിക്സ് വിഷയത്തിൽ താത്കാലിക അധ്യാപക ഒഴിവുണ്ട്. കോഴിക്കോട് കോളജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും യുജിസി/ നെറ്റ്/പിഎച്ച്ഡി യോഗ്യരുമായ ഉദ്യോഗാർഥികൾ ജൂൺ മൂന്നിനുള്ളിൽ കോളജ് വെബ്സൈറ്റിൽ WWW.stpius.ac.in കൊടുത്തിരിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് stpius@gmail.com എന്ന ഇ-മെയിലിൽ അയക്കേണ്ടതാണ്. രേഖകൾ അതിനോടൊപ്പം അയക്കേണ്ടതില്ല. അഞ്ചിനു കോളജിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാൻ യോഗ്യത സർട്ടിഫിക്കറ്റുമായി നേരിട്ട് ഹാജറാകേണ്ടതാണ്. ഫോൺ: 8281925726.

കാലിച്ചാനടുക്കത്ത് മെക്കാഡം റോഡ് വെള്ളത്തിൽ മുങ്ങുന്നു

കാലിച്ചാനടുക്കം ടൗണിന് സമീപത്തെ മെക്കാഡം റോഡ് വെള്ളക്കെട്ടിനടിയിലായ നിലയിൽ.

കാലിച്ചാനടുക്കം: രണ്ടുവർഷം മുമ്പേ വീതി കൂട്ടി മെക്കാഡം ടാറിംഗ് നടത്തിയ റോഡാണ്. പക്ഷേ ഇനിയും ഓവുചാൽ നിർമിച്ചിട്ടില്ല. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലം മണ്ണിട്ടുയർത്താതെയാണ് റോഡ് നിർമിച്ചതെന്ന പരാതി വേറെയും. ഇപ്പോൾ ഒറ്റ മഴ പെയ്താൽ തന്നെ വെള്ളക്കെട്ടിനടിയിലാകുന്ന അവസ്ഥയിലാണ് നീലേശ്വരം-എടത്തോട് റോഡിൽ കാലിച്ചാനടുക്കം ടൗണിനോട് ചേർന്നുള്ള ഭാഗം.

കാലിച്ചാനടുക്കം ടൗണിൽ നിന്നും എടത്തോട് ഭാഗത്തേക്ക് 200 മീറ്റർ മാറി കലയന്തടം റോഡിന് സമീപമുള്ള ഭാഗമാണ് മഴക്കാലം തുടങ്ങിയാൽ വെള്ളക്കെട്ടിനടിയിലാകുന്നത്. റോഡിൽ നിറഞ്ഞുകവിയുന്ന വെള്ളം സമീപത്തെ കാഞ്ഞിരക്കാട്ട് സജിയുടെ വീട്ടുമുറ്റത്തേക്കും ഒഴുകിയെത്തുന്നു. വെള്ളക്കെട്ടിന്റെ ആഴം മനസ്സിലാകാതെ ഇതുവഴിയെത്തുന്ന വാഹനങ്ങൾ അപകടത്തിൽ പെടുന്നതും പതിവാണ്. ഇരുചക്രവാഹനങ്ങളാണെങ്കിൽ പ്രത്യേകിച്ചും.

ഇവിടെ നിർമാണപ്രവൃത്തികൾ നടക്കുമ്പോൾ തന്നെ വെള്ളക്കെട്ടുണ്ടാകുന്ന പ്രദേശമാണെന്നും റോഡ് ഉയർത്തണമെന്നുമുള്ള കാര്യം നാട്ടുകാർ അധികൃതരുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നതാണ്. എന്നാൽ, ഇഴഞ്ഞും ഇടയ്ക്ക് നിലച്ചും എങ്ങനെയെങ്കിലും പണി തീർക്കണമെന്ന മട്ടിൽ നടന്ന റോഡ് നിർമാണത്തിനിടയിൽ അതൊന്നും ശ്രദ്ധിക്കാൻ അധികൃതരും കരാറുകാരും മെനക്കെട്ടില്ല. മെക്കാഡം ടാറിംഗ് ഒരുവിധം പൂർത്തിയായിക്കഴിഞ്ഞപ്പോഴേക്കും കരാർ തന്നെ റദ്ദാക്കി കരാറുകാരനെ പറഞ്ഞുവിടുകയും ചെയ്തു. അതുകൊണ്ട് ഈ ഭാഗത്തെ ഓവുചാലിന്റെ പണി ബാക്കി കിടക്കുകയാണ്.

മെക്കാഡം ടാറിംഗ് ഉൾപ്പെടെ പൂർത്തിയായതിനാൽ ഇനി ഇവിടെ റോഡ് വീണ്ടും ഉയർത്തുന്നത് പ്രായോഗികമല്ല. അതുകൊണ്ടുതന്നെ ആവശ്യമായ ആഴത്തിലും വീതിയിലും കോൺക്രീറ്റ് ഓവുചാൽ നിർമിച്ച് പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്നാണ് നാട്ടുകാരുടെ ആവശ്യം. റോഡ് നവീകരണത്തിനായി പുതിയ എസ്റ്റിമേറ്റ് തയാറാക്കി ടെൻഡർ വിളിക്കുമ്പോൾ ഇതുകൂടി ഉൾപ്പെടുത്തിയാൽ മതിയാകും. പക്ഷേ അതിന് ഇനിയും കാത്തിരിക്കേണ്ടിവരുന്ന സാഹചര്യമാണ്.

റോഡരികിൽ കുഴിയെടുത്ത് വെള്ളം ഒഴുകിപ്പോകാൻ താത്കാലിക ഓവുചാൽ ഉണ്ടാക്കിയിരുന്നെങ്കിലും അത് മണ്ണും മാലിന്യവും നിറഞ്ഞ് ഏറെക്കുറെ അടഞ്ഞുപോയ നിലയിലാണ്. ഇതിൽനിന്നുള്ള മാലിന്യങ്ങളും സമീപത്തെ വീട്ടുമുറ്റങ്ങളിലേക്ക് ഒഴുകിയെത്തുന്നുണ്ട്. ഈ ഓവുചാലെങ്കിലും കൃത്യമായി വെള്ളം ഒഴുകിപ്പോകാവുന്ന തരത്തിൽ വൃത്തിയാക്കിയിരുന്നെങ്കിൽ വെള്ളക്കെട്ട് കുറച്ചെങ്കിലും ഒഴിവാകുമായിരുന്നുവെന്ന് നാട്ടുകാർ പറയുന്നു. അങ്ങനെയായാൽ മലിനജലം വീട്ടുമുറ്റത്തേക്ക് ഒഴുകിയെത്തുന്ന അവസ്ഥയും ഒഴിവാകുമായിരുന്നു. മഴക്കാലം കനക്കുന്നതിനുമുമ്പ് പഞ്ചായത്ത് അധികൃതർ മുൻകൈയെടുത്ത് ഇതെങ്കിലും സാധ്യമാക്കണമെന്നാണ് അവരുടെ ആവശ്യം.

കാട്ടാനകൾക്ക് പിന്നാലെ പുലിയും ?

ഇരിയണ്ണിക്കാർ ആശങ്കയിൽ

മുള്ളേരിയ: ഇരിയണ്ണിയിൽ കാട്ടാനകൾക്ക് പുറമെ പുലിയിറങ്ങിയതായും സംശയം. ഇതോടെ ജനങ്ങളുടെ ഭീതി ഇരട്ടിച്ചു. ഇരിയണ്ണിയിലെ കുണിയേരി, കുറ്റിയടുക്കം, മഞ്ചക്കാൽ ഭാഗങ്ങളിലും അഡൂർ പാണ്ടിയിലും പുലിയെ കണ്ടതായുള്ള പ്രചാരണം ശക്തമാണ്. രാത്രി പുലിയെന്നു സംശയിക്കുന്ന മൃഗം ഇരിയണ്ണി ടൗണിൽ നിന്ന് വനത്തിന് നടുവിലൂടെയുള്ള റോഡിലൂടെ നടന്നുപോകുന്നതിന്റെ വീഡിയോ ദൃശ്യം സോഷ്യൽ മീഡിയയിൽ വൈറലാണ്.

ഈയിടെ കുണിയേരിയിലെ ഒരു വീട്ടിൽ നിന്ന് വീട്ടുകാരുടെ കൺമുന്നിൽവച്ച് വളർത്തുനായയെ പുലി കടിച്ചുകൊണ്ടുപോയിരുന്നു. വീട്ടുകാർ ബഹളം വെച്ച് പിറകെ ഓടിയെങ്കിലും പുലി അപ്പോഴേക്കും കാട്ടിലേക്ക് മറഞ്ഞിരുന്നു. രണ്ടുമാസം മുമ്പ് മുളിയാർ വനത്തോട് ചേർന്ന് കിടക്കുന്ന കാറഡുക്ക, കൊട്ടംകുഴി, മുളിയാർ, കാനത്തൂർ എന്നിവിടങ്ങളിൽ പുലിയ കണ്ടതായി ചിലർ വെളിപ്പെടുത്തിയിരുന്നു. മഞ്ചക്കൽ നാലുഭാഗവും സംരക്ഷിത വനമേഖലയാൽ ചുറ്റപ്പെട്ട പ്രദേശമാണ്. ഇവിടേക്കുള്ള പ്രധാന റോഡും വനത്തിനുള്ളിലാണ്.

അതേസമയം ഇരിയണ്ണിയിലും പരിസര പ്രദേശങ്ങളിലും പുലി ഇറങ്ങിയെന്ന പ്രചാരണം വനപാലകർ തള്ളിക്കളയുന്നുണ്ട്. മുളിയാർ വനപ്രദേശങ്ങളിൽ അസാമാന്യ വലിപ്പമുള്ള കാട്ടുപൂച്ചകളുണ്ട്. പുലികളുടെ അത്ര വലിപ്പം ഇല്ലെങ്കിലും കാഴ്ചയിൽ ഇവ പുലിയെ പോലെ തോന്നിപ്പിക്കുമെന്നും ഇത്തരം ജീവികൾ വളർത്തുനായ്ക്കളെ പിടികൂടാറുണ്ടെന്നും വനംവകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു. ഇരിയണ്ണിയിൽ കാട്ടാനകളുടെ ശല്യം രൂക്ഷമാണ്. ആനകൾ കൂട്ടത്തോടെ ഇറങ്ങി ഇരിയണ്ണിയിലും സമീപ പ്രദേശങ്ങളിലും വ്യാപകമായി കൃഷി നാശം വരുത്തുന്നുണ്ട്.

ഇതിനു പിന്നാലെയാണ് പുലിയെന്ന് സംശയിക്കപ്പെടുന്ന ജീവിയും ഭീതി പരത്തുന്നത്. സ്കൂൾ തുറക്കാൻ ഇനി കുറച്ച് ദിവസങ്ങൾ മാത്രമേയുള്ളൂ. സ്കൂൾ കുട്ടികൾ അടക്കമുള്ളവർ നടന്നുപോകുന്ന പാതകളിലാണ് പുലിയെ കണ്ടതായി പറയുന്നത്. അതുകൊണ്ട് തന്നെ കുട്ടികളും രക്ഷിതാക്കളും ആശങ്കയിലാണ്.

അരങ്ങ് ആഘോഷമാക്കാനുറച്ച് കാസർഗോഡ്

പിലിക്കോട്: ജൂൺ ഏഴ്, എട്ട്, ഒമ്പത് തീയതികളിൽ പിലിക്കോട് സംഘടിപ്പിക്കുന്ന കുടുംബശ്രീ അയൽക്കൂട്ട - ഓക്സിലറി അംഗങ്ങളുടെ സർഗോത്സവമായ അരങ്ങ് 2024 സംസ്ഥാന കലോത്സവം ആഘോഷമാക്കാൻ ഒരുങ്ങി ജില്ല.

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, പ്രവർത്തന മാതൃകകൾ, കുടുംബശ്രീ ഉത്പന്ന പ്രദർശന വിപണനമേള എന്നിവ ഉൾപ്പെടുന്ന വിപുലമായ എക്സിബിഷനാകും അരങ്ങിന്റെ ഭാഗമായി സംഘടിപ്പിക്കുക.

ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് ചെറുവത്തൂർ പഞ്ചായത്ത് ഓപ്പൺ ഓഡിറ്റോറിയത്തിൽ ജില്ലയെ പ്രതിനിധീകരിച്ച് മുൻ അരങ്ങ് സംസ്ഥാനതല മത്സരങ്ങളിൽ വിജയിച്ചവരുടെ സംഗമവും സെമിനാറും സംഘടിപ്പിക്കും. അരങ്ങിന്റെ ആവേശം ജില്ലയിലെ നാനാകോണുകളിലേക്ക് എത്തിക്കുന്നതിനായി 12,458 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഭാഗമാകുന്ന അരങ്ങൊരുക്കം വിളംബരം ജൂൺ രണ്ടിനു സംഘടിപ്പിക്കും.

പിലിക്കോട് കാരക്കക്കാവ് ഓഡിറ്റോറിയത്തിൽ ചേർന്ന ജനറൽ എക്സിക്യൂട്ടീവ് യോഗത്തിൽ സംഘാടക സമിതി ചെയർമാൻ എം.രാജഗോപാലൻ എംഎൽഎ അധ്യക്ഷതവഹിച്ചു.

കണ്ണൂർ യൂണിവേഴ്സിറ്റി ബിഎ ഫംഗ്ഷണൽ ഹിന്ദിയിൽ ഒന്നാം റാങ്ക് നേടിയ പയ്യന്നൂർ കോളജ് വിദ്യാർഥിനി എം. ആര്യ. നീലേശ്വരം പുതുക്കൈ ചൂട്ടുവത്തെ മനുവിന്റെയും രജനിയുടെയും മകളാണ്.

ട്രെയിനിടിച്ച് പോത്ത് ചത്തു

കാഞ്ഞങ്ങാട്: ട്രെയിനിടിച്ച് പോത്ത് ചത്തതിനെതുടർന്ന് ട്രെയിൻ ഗതാഗതം തടസപ്പെട്ടു. ഇന്നലെ ഉച്ചയ്ക്ക് 12ഓടെ മാണിക്കോത്ത് കൊളവയലിലാണ് സംഭവം.

മംഗളുരുവിലേക്ക് പോവുകയായിരുന്ന ഇന്റർസിറ്റി എക്സ്പ്രസാണ് പോത്തിനെ ഇടിച്ചത്. പോത്തിന്റെ ജഡം ട്രാക്കിൽ കുടുങ്ങിയതിനാൽ 10 മിനുട്ടോളം ട്രെയിൻ നിർത്തിയിട്ടു. പിന്നീട് ജഡം വലിച്ചുമാറ്റി യാത്ര തുടരുകയായിരുന്നു.

ഓട്ടോറിക്ഷകൾക്ക് മുകളിൽ മരം വീണു

ഉപ്പള: ഉപ്പള നായബസാർ സ്റ്റാന്റിൽ നിർത്തിയിട്ട രണ്ട് ഓട്ടോറിക്ഷകളുടെ മുകളിലേക്ക് മരം കടപുഴകി വീണു. അപകടസമയത്ത് ഡ്രൈവർമാർ ഇല്ലാത്തതിനാൽ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. കഴിഞ്ഞദിവസം വൈകുന്നേരമാണ് സംഭവം.

അമ്പാറിലെ മൊയിതീൻ, പാറക്കട്ടയിലെ അബ്ബാസ് എന്നിവരുടെ ഓട്ടോകളാണ് തകർന്നത്. ഇരുവരും ഭക്ഷണം കഴിക്കാൻ പോയ സമയത്താണ് മരം കടപുഴകി വീണത്. ഉപ്പളയിൽ നിന്നെത്തിയ ഫയർഫോഴ്സ് സംഘമാണ് പിന്നീട് മരം മുറിച്ചു നീക്കിയത്. രണ്ട് ഓട്ടോകളും ഭാഗികമായി തകർന്നു.

യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷിക്കാം

തൃക്കരിപ്പൂർ: സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്ആർസി കമ്യൂണിറ്റി കോളജ് ജൂലൈ സെക്ഷനിൽ നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകർ പത്താം ക്ലാസ് പാസായിരിക്കണം. താത്പര്യമുള്ളവർ https://app.srccc.in/register വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം. ഫോൺ: 04712325101, 8281114464 www.srccc.in. ജില്ലയിലെ സെന്ററുകൾ- ഗീതാഞ്ജലി യോഗ നേച്ചർ ലൈഫ്, ചെറുവത്തൂർ- 9847943314, ചേതന യോഗ സെന്റർ തൃക്കരിപ്പൂർ- 8129119129, 9495654737.

വനിതാ ശിശു വികസന വകുപ്പ് ജില്ലാതല സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിയ യാത്രയയപ്പ് സമ്മേളനം ജില്ലാ ഓഫീസർ വി.എസ്. ഷിംന ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.

യാത്രയയപ്പ് നൽകി

കാഞ്ഞങ്ങാട്: സർവീസിൽ നിന്നും വിരമിക്കുന്ന മഞ്ചേശ്വരം അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർ ലീന കോട്ടായി, നീലേശ്വരം ശിശു വികസന പദ്ധതി ഓഫീസിലെ കെ.കെ. രാമകൃഷ്ണൻ എന്നിവർക്ക് വനിതാ ശിശു വികസന വകുപ്പ് ജില്ലാതല സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി.

രാജ് റെസിഡൻസി ഹാളിൽ നടന്ന പരിപാടി ജില്ലാ വനിത ശിശു വികസന ഓഫീസർ വി.എസ്. ഷിംന ഉദ്ഘാടനം ചെയ്തു. ജില്ലാതല ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസർ സി. സുധ അധ്യക്ഷത വഹിച്ചു.

വനിത സംരക്ഷണ ഓഫീസർ പി. ജ്യോതി, ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഷൈനി ഐസക്ക്, കാറഡുക്ക അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ എം. രജനി, കാറഡുക്ക ശിശുവികസന പദ്ധതി ഓഫീസർ ലതിക പത്രവളപ്പിൽ, നീലേശ്വരം ശിശുവികസന പദ്ധതി ഓഫീസർ കെ. അനിത, സ്റ്റാഫ് കൗൺസിൽ കൺവീനർ എ.ടി. ശശി, രബിതകണ്ണൻ എന്നിവർ പ്രസംഗിച്ചു.

മംഗളൂരു യൂണിവേഴ്സിറ്റിയിൽ നിന്നും ബിഎസ്‌സി(ഓണേഴ്സ്) ഫുഡ്, ന്യൂട്രീഷൻ ആന്റ് ഡയറ്റിക്സിൽ രണ്ടാം റാങ്ക് നേടിയ അനിറ്റ എലിസബത്ത് ജോയി. പാലാവയൽ തോട്ടംചാലിലെ കിഴുതറ ജോയി ഏബ്രഹാം-ശോഭ ദമ്പതികളുടെ മകളാണ്.

അപേക്ഷ ക്ഷണിച്ചു

കാസർഗോഡ്: സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്ആർസി കമ്യൂണിറ്റി കോളജ് യോഗ അസോസിയേഷൻ ഓഫ് കേരളയുടെ സഹകരണത്തോടെ നടത്തുന്ന ജൂലൈ സെക്ഷനിലെ ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി 30. https://app.srccc.in/register എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. ഫോൺ: 04712325101, 8281114464, കാസർഗോഡ്- 8129119129, 9495654737.

കാസർഗോഡ്: കുണ്ടംകുഴി സാവിത്രിഭായ് ഫൂലെ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വിദ്യാർഥികളുടെ ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി 2024-25 അധ്യയന വർഷത്തേക്ക് പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതികളിൽ നിന്നും ജെപിഎച്ച്എൻമാരെ ദിവസവേതന വ്യവസ്ഥയിൽ നിയമിക്കുന്നു. ഫോൺ: 04994 255 466.

ബാർ കോഴ അഴിമതിക്കെതിരേ പ്രതിഷേധം

ഇടതുസർക്കാരിന്റെ ബാർ കോഴ അഴിമതിക്കെതിരേ യൂത്ത് കോൺഗ്രസ് കാഞ്ഞങ്ങാട് നടത്തിയ പ്രതിഷേധ പ്രകടനം.

ഇടതുസർക്കാരിന്റെ ബാർ കോഴ അഴിമതിക്കെതിരേ യൂത്ത് കോൺഗ്രസ് തൃക്കരിപ്പൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ചീമേനിയിൽ നടത്തിയ പ്രതിഷേധ പ്രകടനം.

കാഞ്ഞങ്ങാട്: ബാർ കോഴ അഴിമതിയിൽ എക്സൈസ് മന്ത്രി എം.ബി. രാജേഷ് രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് യൂത്ത് കോൺഗ്രസ് കാഞ്ഞങ്ങാട് നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നഗരത്തിൽ പ്രതിഷേധ പ്രകടനം നടത്തി. പ്രതിഷേധ യോഗം ഡിസിസി വൈസ് പ്രസിഡന്റ് ബി.പി. പ്രദീപ്കുമാർ ഉദ്ഘാടനം ചെയ്തു. ഷിബിൻ ഉപ്പിലിക്കൈ അധ്യക്ഷത വഹിച്ചു.

വിനോദ് കള്ളാർ, അക്ഷയ എസ്. ബാലൻ, രജിത രാജൻ, രേഖ രതീഷ്, സിജോ അമ്പാട്ട്, ആന്റണി, അജിത് പൂടംകല്ല്, എച്ച്.ആർ. വിനീത്, വിഷ്ണു ഭാസ്കരൻ, ശ്രീജിത്ത് പുതുക്കുന്ന്, ഉമേശൻ കാട്ടുകുളങ്ങര, സുനേഷ്, കൃഷ്ണലാൽ തോയമ്മൽ എന്നിവർ പ്രസംഗിച്ചു.

ചീമേനി: ബാർ കോഴ അഴിമതിക്കെതിരേ യൂത്ത് കോൺഗ്രസ് തൃക്കരിപ്പൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ചീമേനിയിൽ പ്രതിഷേധ പ്രകടനം നടത്തി.

ബാർ ഉടമകളുടെ കൈയിൽ നിന്നും കോടികൾ കോഴ വാങ്ങിയ ഇടത് സർക്കാർ കോഴ സർക്കാരാണെന്ന് പ്രകടനം ഉദ്ഘാടനം ചെയ്ത സംസ്ഥാന ജനറൽ സെക്രട്ടറി വി.പി. അബ്ദുൾ റഷീദ് പറഞ്ഞു.

ജില്ലാ വൈസ് പ്രസിഡന്റ് ഷോണി തോമസ് അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് രാജേഷ് തമ്പാൻ, ജനറൽ സെക്രട്ടറിമാരായ ശിവപ്രസാദ് അറുവാത്ത്, സച്ചിൻ മാത്യു, എളേരി ബ്ലോക്ക് കോൺഗ്രസ് വൈസ് പ്രസിഡന്റുമാരായ ധനേഷ് ചീമേനി, ബാബു ഞണ്ടാടി, യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം ഭാരവാഹികളായ ഷിജിത്ത് തോമസ്, സുധീഷ്, മണ്ഡലം പ്രസിഡന്റുമാരായ ജോബിൻ ജോസ്,സുനീഷ് ചീമേനി, പ്രേമീഷ്, ജോമോൻ ജോസഫ് എന്നിവർ നേതൃത്വം നൽകി.

വനിതാസാഹിതി നടത്തിയ മാധവിക്കുട്ടി അനുസ്മരണം എഴുത്തുകാരി ബിന്ദു മരങ്ങാട് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.

മാധവിക്കുട്ടി അനുസ്മരണം

കാഞ്ഞങ്ങാട്: വനിതാസാഹിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പി. സ്മാരകമന്ദിരത്തിൽ നടത്തിയ മാധവിക്കുട്ടി അനുസ്മരണം എഴുത്തുകാരി ബിന്ദു മരങ്ങാട് ഉദ്ഘാടനം ചെയ്തു. കെ.വി. ശോഭന അധ്യക്ഷത വഹിച്ചു.

ബ്ലോക്ക് പഞ്ചായത്തംഗം എം.ജി. പുഷ്പ, നഗരസഭ കൗൺസിലർ കെ.വി. സുശീല, സീതദേവി കരിയാട്ട്, പി.സി. പ്രസന്ന ജില്ലാ സെക്രട്ടറി എം.പി. ശ്രീമണി, എം.കെ.ശ്രീലത എന്നിവർ പ്രസംഗിച്ചു.

ഷോപ്പിംഗ് കോംപ്ലക്സുകളിൽ മാലിന്യം വലിച്ചെറിയൽ: എൻഫോഴ്സ്മെന്റ് സ്ക്വാഡ് പിഴയിട്ടു

കാസർഗോഡ്: ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പരിശോധനയുടെ ഭാഗമായി ചീമേനിയിലെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നടത്തിയ പരിശോധനയിൽ മാലിന്യ സംസ്കരണ കുറ്റകൃത്യങ്ങൾ കണ്ടെത്തി. ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും തൊട്ടടുത്ത പറമ്പുകളിലേക്ക് മാലിന്യങ്ങൾ വലിച്ചെറിഞ്ഞതിനും മാലിന്യം കൂട്ടിയിട്ടതിനും 10000 രൂപ എൻഫോസ്മെന്റ് സ്ക്വാഡ് പിഴ ചുമത്തി. മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിനും പിഴ ചുമത്തിയിട്ടുണ്ട്.

പൈവളികയിലെ അപ്പാർട്ട്മെന്റുകൾക്ക് മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിന് 5000 രൂപ വീതം പിഴ നൽകിയിട്ടുണ്ട്. പൈവളികയിലെ ഹോട്ടലിലെ മാലിന്യ സംസ്കരണ അപാകതയ്ക്ക് 25,000 രൂപ പിഴ ചുമത്തിയിട്ടുണ്ടായിരുന്നു. അദ്ഹർ നഗറിലെ ഏതാനും വീടുകളുടെ ചുറ്റുമതിലിന് വെളിയിലായി മാലിന്യം കൂട്ടിയിട്ടിരിക്കുന്നത് അതത് വീട്ടുടമകൾ തന്നെ വൃത്തിയാക്കുന്നതിന് കർശന നിർദേശം നൽകി.

പരിശോധനയിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ലീഡർ മുഹമ്മദ് മദനി, എം.ടി.പി. റിയാസ്, പി.വി. അഞ്ജുകുമാർ, സുധാകരൻ, ഇ.കെ. ഫാസിൽ എന്നിവർ പങ്കെടുത്തു.

മാർക്കറ്റ്

കാസർഗോഡ്	
അടയ്ക്ക (പഴയത്)	35500-38000
അടയ്ക്ക (പുതിയത്)	36500
കാഞ്ഞങ്ങാട്	
റബർ (ഗ്രേഡ്)	18000
റബർ (ലോട്ട്)	16000
ഒട്ടുപാൽ	10500
അടയ്ക്ക(പുതിയത്)	36000
കുരുമുളക്	60000
കൊപ്ര	8500
വെള്ളരിക്കുണ്ട്	
റബർ (ഗ്രേഡ്)	18700
റബർ (ലോട്ട്)	16700
ഒട്ടുപാൽ	11200
അടയ്ക്ക	35000-38000
കുരുമുളക്	60000
തേങ്ങ	2850
ചെറുപുഴ	
റബർ ഗ്രേഡ്	18700
റബർ ലോട്ട്	16700
ഒട്ടുപാൽ	10800
അടയ്ക്ക	36000
കുരുമുളക്	60000
തേങ്ങ	2700
കൊപ്ര	7000
പുളിങ്ങോം	
റബർ ഗ്രേഡ്	18700
റബർ ലോട്ട്	16200
ഒട്ടുപാൽ	11000
അടയ്ക്ക	35000
കുരുമുളക്	60000
തേങ്ങ	2800
കൊപ്ര	7800

ഇന്നത്തെ സിനിമ

കാസർഗോഡ്

മൂവിമാക്സ് സർക്കിൾ
ടർബോ (10.30, 1.30, 4.30, 7.30, 10.30) ഗുരുവായൂരമ്പലനടയിൽ (10.30, 1.30, 4.30, 7.30, 10.30) തലവൻ (10.30, 1.30, 4.30, 7.30, 10.30)

സിനികൃഷ്ണ
ടർബോ (1.45, 7.45, 10.45)

മെഹബൂബ് കോംപ്ലക്സ്
ടർബോ (10.30, 1.30, 4.30, 7.30, 10.30) ഗുരുവായൂരമ്പലനടയിൽ (10.30, 1.30, 4.30, 7.30, 10.30) മന്ദാകിനി (10.30, 1.30, 4.30, 7.30)

കർമംതൊടി

കാവേരി സിനിമാസ്
ടർബോ (10.30, 1.30, 4.30, 7.30, 10.30) ഗുരുവായൂരമ്പലനടയിൽ (1.30, 4.30, 7.30, 10.30)

കാഞ്ഞങ്ങാട്

വിജിഎം മൾട്ടിപ്ലക്സ്
ടർബോ (10.30, 2.15, 5.00, 10.15) തലവൻ (10.30, 2.30, 5.30, 8.00) ഗുരുവായൂരമ്പലനടയിൽ (10.25, 3.00, 5.30, 7.45) മന്ദാകിനി (12.45, 7.45, 10.00)

വിനായക കോംപ്ലക്സ്
ടർബോ (10.30, 2.30, 5.30, 8.30) ഫ്യൂരിയോസ (ഇംഗ്ലീഷ്, 10.30, 2.30, 5.30, 8.15)

ദീപ്തി സിനിമാസ്
ടർബോ (10.30, 11.45, 2.30, 5.15, 8.00, 9.30) ഗുരുവായൂരമ്പലനടയിൽ (10.45, 2.30, 5.30, 8.15)

ചെറുവത്തൂർ

പാക്കനാർ സിനിമാസ്
ടർബോ (10.30, 1.30, 4.30, 7.30, 10.30)

സൗജന്യ പരിശീലന ക്യാമ്പ് നടത്തി


എക്സ് സർവീസസ്മെൻ ലീഗ് തൃക്കരിപ്പൂർ യൂണിറ്റ് സംഘടിപ്പിച്ച പുതുതലമുറയിലുള്ളവർക്ക് സായുധ സേനകളിൽ ചേരുന്നതിനുള്ള പ്രീ ട്രെയിനിംഗ് ക്യാമ്പിന്റെ സമാപന ചടങ്ങിൽ സിനിമ താരം പി.പി. കുഞ്ഞിക്കൃഷ്ണൻ പ്രസംഗിക്കുന്നു.

തൃക്കരിപ്പൂർ: പുതുതലമുറയിലുള്ളവർക്ക് സായുധ സേനകളിൽ ചേരുന്നതിനുള്ള പ്രീ ട്രെയിനിംഗ് ക്യാമ്പൊരുക്കി എക്സ് സർവീസസ്മെൻ ലീഗ് തൃക്കരിപ്പൂർ യൂണിറ്റ്. ആർമി, നേവി, എയർ ഫോഴ്സ്, പാരാമിലിട്ടറി ഫോഴ്സ്, പോലീസ്, ഫയർ ഫോഴ്സ് തുടങ്ങിയ സേനാ വിഭാഗങ്ങളിലേക്ക് അപേക്ഷിച്ച് തയാറെടുപ്പ് നടത്തി വരുന്ന കാസർഗോഡ്-കണ്ണൂർ ജില്ലാ അതിർത്തിയിലുള്ള പഞ്ചായത്തുകളിലെ യുവാക്കൾക്കാണ് ആദ്യ ബാച്ചിൽ സൗജന്യ പരിശീലനം നൽകിയത്. പങ്കെടുക്കുന്നവർക്ക് വിദഗ്ദരുടെ നേതൃത്വത്തിലുള്ള ശാസ്ത്രീയ കായിക പരിശീലനത്തിന് പുറമെ എഴുത്തുപരീക്ഷക്കുള്ള ക്ലാസുകളും ഭക്ഷണവും സൗജന്യമായി കൂട്ടായ്മ നൽകുന്നുണ്ട്. 40 ദിവസം നീണ്ട ക്യാമ്പിൽ 20 പേർ പങ്കെടുത്തു. കായിക പരിശീലനത്തിനും എഴുത്തു പരീക്ഷ ക്ലാസുകൾക്കും

രാജൻ കീനേരി, കെ. സജീവ് കുമാർ, പി. ബാലകൃഷ്ണൻ, പി. മോഹനൻ നായർ, കെ.എം. ശ്രീനാഥൻ, പി.വി. മനോജ് കുമാർ തുടങ്ങിയവരാണ് നേതൃത്വം നൽകിയത്. സമാപന ചടങ്ങിൽ സിനിമ താരം പി.പി. കുഞ്ഞിക്കൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. പി. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കെ. ഉണ്ണികൃഷ്ണൻ, ടി.പി. മുകുന്ദൻ, പി.വി. ബിന്ദു, ഇ. രാജൻ എന്നിവർ പ്രസംഗിച്ചു.

പഠനോപകരണങ്ങൾ വിതരണം ചെയ്തു

കാഞ്ഞങ്ങാട്: പാൻടെക് എഫ്എസ്ഡബ്ല്യു സുരക്ഷ പ്രൊജക്ടിൽ അംഗത്വം ഉള്ള ആൾക്കാരുടെ മക്കൾക്ക് വേണ്ടി ബെറ്റർ ലൈഫ് ഫൗണ്ടേഷൻ ഇന്ത്യയുടെ സഹായത്തോടുകൂടി പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഹൊസ്ദുർഗ് സർവീസ് സഹകരണ ബാങ്ക് മിനി ഹാളിൽ നടന്ന പരിപാടി ബാങ്ക് പ്രസിഡന്റ് പ്രവീൺ തോമയമ്മൽ ഉദ്ഘാടനം ചെയ്തു. പാൻടെക് ചെയർമാൻ പ്രഫ. കെ.പി. ഭരതൻ അധ്യക്ഷതവഹിച്ചു. അബ്ദുൽ ലത്തീഫ് മഠത്തിൽ മുഖ്യാതിഥിയായി. ഡോ. ജീന, ധന്യശ്രീ, സറീന ബാനു എന്നിവർ ക്ലാസ് നയിച്ചു. ടി.രാജീവൻ സ്വാഗതവും സി. കെ.വിദ്യ നന്ദിയും പറഞ്ഞു.

അനുശോചിച്ചു

പനത്തടി: മലയോരമേഖലയിലെ ആദ്യകാല വ്യാപാരി മൊയ്തീൻകുട്ടിയുടെ നിര്യാണത്തിൽ പനത്തടിയിൽ ചേർന്ന സർവകക്ഷി യോഗം അനുശോചനം രേഖപ്പെടുത്തി. വ്യാപാരി വ്യവസായി ഏകോപന സമിതി പനത്തടി യൂണിറ്റ് പ്രസിഡന്റ് കെ.എൻ. വേണുവിന്റെ അധ്യക്ഷതയിൽ സിപിഎം ജില്ലാ കമ്മിറ്റി അംഗം എം.വി. കൃഷ്ണൻ, കോൺഗ്രസ് നേതാവ് രാജീവ് കണിയാന്തറ, ബിജെപി നേതാവ് കെ.കെ. വേണുഗോപാൽ, എം.സി. മാധവൻ, പി. രഘുനാഥ്, വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി കെ.ജെ. സജി എന്നിവർ പ്രസംഗിച്ചു.

ആദ്യകാല വ്യാപാരി മൊയ്തീൻകുട്ടിയുടെ നിര്യാണത്തിൽ പനത്തടിയിൽ ചേർന്ന സർവകക്ഷി അനുശോചന യോഗത്തിൽ നിന്ന്.

കൊല്ലാടയിൽ ദിശ കരിയർ ഗൈഡൻസ് ശില്പശാല വാർഡ് മെംബർ പി.വി.സതീദേവി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുന്നു.

കരിയർ ഗൈഡൻസ് ശില്പശാല നടത്തി

ചിറ്റാരിക്കാൽ: ലൈബ്രറി കൗൺസിൽ ഈസ്റ്റ് എളേരി പഞ്ചായത്ത് സമിതി കൊല്ലാട ഇഎംഎസ് പഠനകേന്ദ്രം ആൻഡ് ലൈബ്രറിയുമായി ചേർന്ന് കൊല്ലാടയിൽ ദിശ കരിയർ ഗൈഡൻസ് ശില്പശാല നടത്തി. വാർഡ് മെംബർ പി.വി.സതീദേവി ഉദ്ഘാടനം ചെയ്തു. ഗ്രന്ഥശാല പ്രസിഡന്റ് എൻ.വി.ശിവദാസൻ അധ്യക്ഷതവഹിച്ചു.

ചെമ്പേരി വിമൽജ്യോതി എൻജിനിയറിംഗ് കോളജ് അസി. പ്രഫസർ ഷിജിത്ത് തോമസ് കുഴിവേലി ക്ലാസ് നയിച്ചു. പഞ്ചായത്ത് സമിതി കൺവീനർ പി.ഡി. വിനോദ്, ലൈബ്രറി കൗൺസിൽ താലൂക്ക് എക്സിക്യൂട്ടീവ് അംഗം കെ.ഗോവിന്ദൻ, കെ.വി. രവി എന്നിവർ പ്രസംഗിച്ചു.

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പ്പക്കാർ: (1) **ശ്രീ. ഷാഹുൽ സർദാഫ്,** വടക്കേക്കര ഹൗസ്, തെക്കിൽ ഫെറി, തെക്കിൽ, കാസർഗോഡ്-671541, ജാമ്യക്കാരായ (2) **ശ്രീമതി ഷിഫാന കെ.എ,** W/o. അബു മുഹമ്മദ്, പാലായി ക്വാർട്ടേഴ്സ്, അജാനൂർ കടപ്പുറം, കൊളവയൽ പി.ഒ, കാസർകോട്-671531 കൂടാതെ ഷിഫാന മൻസിൽ, വടക്കുംകര, കുനിയ, പെരിയ, കാസർഗോഡ് - 671316, (3) **ശ്രീ. മുഹമ്മദ് അലി,** F/o. ഷാഹുൽ സർദാഫ്, വടക്കേക്കരഹൗസ്, തെക്കിൽ ഫെറി, തെക്കിൽ, കാസർകോട്-671541

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ചെർക്കള ബ്രാഞ്ചിൽ** ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രത്യക്ഷത്തിൽ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ചെർക്കള ബ്രാഞ്ചിന് (സെക്യൂർഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന് 26.05.2024 കിട്ടുവാനുള്ള തുകയായ **1,81,11,751.22 (ഒരു കോടി എൺപത്തിയൊന്ന് ലക്ഷത്തി പതിനൊന്നായിരത്തി എഴുനൂറ്റി അൻപത്തിയൊന്ന് രൂപ ഇരുപത്തിരണ്ട് പൈസ മാത്രം)** കൂടാതെ പലിശയും മറ്റു ചിലവുകളും സഹിതം തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **25.06.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

വസ്തു ഉടമയുടെ പേര്: ശ്രീമതി ഷിഫാന കെ എ, **വസ്തുവിന്റെ വിവരണം:** കാസർകോട് ജില്ല, കാസർകോട് താലൂക്ക്, ബെഡ്ക വില്ലേജിൽ റീസർവ്വെ നം. 312/പി.ടി. 57, 312/പി.ടി.56 ഉദ്മ എസ്.ആർ.ഒ യിൽ 16.12.2017ന് രജിസ്റ്റർ ചെയ്ത 4067/2017 ജൻമം തീരാധാരപ്രകാരം ശ്രീമതി ഷിഫാന കെ എയുടെ ഉടമസ്ഥതയിൽ റെസിഡൻഷ്യൽ ബിൽഡിംഗ് അടക്കം പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ നിർമ്മാണങ്ങളും അവകാശങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 80.94 ആർസ് (200 സെന്റ്) ഒഴിഞ്ഞ റെസിഡൻഷ്യൽ സ്ഥലം. **അതിർത്തികൾ (റവന്യൂ രേഖകൾ പ്രകാരം സർവ്വെ നം. 312/പി.ടി.57ൽ 9.71 ആർസ് സ്ഥലം):** വടക്ക്: കുഞ്ഞിരാമന്റെ സ്ഥലം, കിഴക്ക്: ലക്ഷ്മിയുടെ സ്ഥലം, തെക്ക്: മൂന്നാംകടവ് കൈരളിപ്പാറ റോഡ്, പടിഞ്ഞാറ്: സുശീലയുടെ സ്ഥലം, **(റവന്യൂ രേഖകൾ പ്രകാരം സർവ്വെ നം. 312/പി.ടി.56ൽ 71.23 ആർസ് സ്ഥലം):** വടക്ക്: മൂന്നാംകടവ് കൈരളിപ്പാറ റോഡ്, കിഴക്ക്: ലക്ഷ്മിയുടെ സ്ഥലം, തെക്ക്: പുഴ പടിഞ്ഞാറ്: ശ്രദ്ധയുടെയും ശോഭയുടെയും സ്ഥലങ്ങൾ.

കരുതൽ വില 21,60,000 (ഇരുപത്തിയൊന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)
നിരതദ്രവ്യം (EMD): 2,16,000 (രണ്ട് ലക്ഷത്തി പതിനാറായിരം രൂപ മാത്രം). (EMD 24.06.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: 10,000 (പത്തായിരം രൂപ മാത്രം)
ഇ-ലേലത്തിന്റെ തിയതിയും സമയവും: 25.06.2024ന് രാവിലെ 10.30 മുതൽ 11 വരെ വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെട്ട ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം 01-01-2019 മുതൽ 31.10.2022 വരെ യാതൊരു ബാധ്യതയും ഇല്ല.

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. www. southindianbank.com വിശദാംശങ്ങൾ https://bankauctions.in ലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും വസ്തുവിന്റെ പരിശോധനയ്ക്കും, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അധികാരപ്പെടുത്തിയ ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. (ഫോൺ: 0497 2713234/2713235, 8826904358) അല്ലെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് ബ്രാഞ്ച് ചെർക്കള 04994 284800, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് റീജിയണൽ ഓഫീസ് കണ്ണൂരുമായി 8848659770 എന്ന നമ്പറിലൊ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

കണ്ണൂർ 27.05.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

C2405-532265